**നടപടി ക്രമം**

**ഒഫിഷ്യേറ്റിങ്ങ് അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി, എൻ.സി.സി ഡയറക്ടറേറ്റ് (കേരളവും, ലക്ഷദ്വീപും), സംസ്ഥാന വിഭാഗം, തിരുവനന്തപുരം (ഹാജർ: പി.കെ സുനിൽകുമാർ)**

എൻ.സി.സി ജീവനക്കാര്യം - പാർട്ട് ടൈം സ്വീപ്പറുടെ നിയമനം സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നമ്പർ.1412/എ6-എസ്റ്റാ/2019/എൻ.സി.സി തിരുവനന്തപുരം തീയതി :21 ഏപ്രിൽ 2021.

---

സൂചന : (1) ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് ആഫീസറുടെ 12.03.2021 - ലെ സ1 - 12-2021/79 നമ്പർ ഉത്തരവ്.

(2) എൻ.സി.സി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ്, എറണാകുളം കത്ത് നമ്പർ.806/എസ്റ്റാ/01/1254 തീയതി 29 മാർച്ച് 2021.

**ഉത്തരവ്**

1. 1 കേരള ഗേൾസ് ഇൻഡിപെൻഡന്റ് കമ്പനി എൻ.സി.സി, ചേർത്തല യൂണിറ്റിലെ നിലവിൽ ഒഴിവുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക്, ആലപ്പുഴ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് നാമനിർദ്ദേശം ചെയ്തിട്ടുള്ള ചുവടെ പരാമർശിക്കുന്ന ഉദ്യോഗാർത്ഥിയെ എറണാകുളം ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിന്റെ സൂചന കത്ത് പ്രകാരം നിയമനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

| ക്രമ നമ്പർ | ഉദ്യോഗർത്ഥിയുടെ പേരും മേൽവിലാസവും | ജനന തീയതി | ജാതിയും മതവും | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|---|
| 1. | ശ്രീ മുജീബ് റഹ്മാൻ എച്ച്<br>തോപ്പിൽ ഹൗസ്,<br>വീയപുരം (പി.ഒ)<br>കാർത്തികപ്പള്ളി<br>ആലപ്പുഴ (ജില്ല)<br>പിൻ-690514 | 15.05.1982 | ഇസ്ലാം/ മുസ്ലീം | എസ്.എസ്.എൽ.സി |

2. മേൽ പറഞ്ഞ ഉദ്യോഗാർത്ഥിയെ 13000-21080 (പുതുക്കിയ സ്കെയിൽ) രൂപ ശമ്പള നിരക്കിൽ പാർട്ട് ടൈം സ്വീപ്പറായി 1 കേരള ഗേൾസ് ഇൻഡിപെൻഡന്റ് കമ്പനി എൻ.സി.സി, ചേർത്തല ഓഫീസിൽ നിലവിലുള്ള ഒഴിവിലേക്ക് നിയമിച്ച് ഉത്തരവാകുന്നു.

3. ശ്രീ മുജീവ് റഹ്മാൻ എച്ച് എന്ന ഉദ്യോഗാർത്ഥി തന്റെ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി, മതം, സ്വഭാവം (ഫാറം 2-ൽ രണ്ട് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റ്) ക്രീമിലെയർ മുതലായവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം 1 ഗേൾസ് ഇൻഡിപെന്റ് കമ്പനി എൻ.സി.സി, ചേർത്തല ഓഫീസ് മേധാവി മുൻപാകെ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ഹാജരാകേണ്ടതാണ്.

....2....

4. കൂടാതെ പ്രസ്തുത ഉദ്യോഗാർത്ഥി 1975-ലെ കേരള പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂൾ പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടു വർഷത്തിനുള്ളിൽ ഒരു വർഷത്തെ ജോലിയിൽ പ്രൊബേഷനറായി തുടരേണ്ടതാണ്.

5. 1 കേരള ഗേൾസ് ഇൻഡിപെൻഡന്റ് കമ്പനി എൻ.സി.സി, ചേർത്തല ഓഫീസ് മേധാവി ഉദ്യോഗാർത്ഥിയുടെ സർട്ടിഫിക്കറ്റുകൾ സൂക്ഷ്മപരിശോധന നടത്തി ശരിയാണെന്ന് ഉറപ്പു വരുത്തിയ ശേഷം ടിയാനെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്. രണ്ട് ഗസ്റ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റ് പ്രവേശന റിപ്പോർട്ടിനോടൊപ്പം ഈ ഓഫീസിലേക്ക് തുടർ നടപടികൾക്കായി അയച്ചുതരേണ്ടതാണ്.

6. ടി ഉദ്യോഗാർത്ഥി ജോലിക്ക് ഹാജരാകുമ്പോൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യപ്പെട്ട സമയത്ത് ഹാജരാക്കിയ വിവരങ്ങൾ തെറ്റാണെന്ന് പിന്നീട് പരിശോധനയിൽ ബോധ്യമാകുകയോ, ഉദ്യോഗാർത്ഥിയെ തെറ്റായാണ് നാമനിർദ്ദേശം ചെയ്തതെന്ന് തെളിയുകയോ ചെയ്യുന്ന പക്ഷം, പ്രസ്തുത വ്യക്തിക്ക് വിശദീകരണം നൽകാൻ ന്യായമായ അവസരം നൽകിയതിന് ശേഷം, അപ്രകാരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയെ ഉടൻ തന്നെ പിരിച്ച് വിടുന്നതായിരിക്കും. ഇതു സംബന്ധിച്ച് സമ്മത പത്രം ഉദ്യോഗാർത്ഥിയിൽ നിന്നും വാങ്ങി സേവന പുസ്തകത്തിൽ സൂക്ഷിക്കേണ്ടതാണ്.

ഒപ്പ്/-
ഒഫിഷ്യേറ്റിങ്ങ് അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

To

1. ശ്രീ മുജീബ് റഹ്മാൻ എച്ച്
   തോപ്പിൽ ഹൗസ്
   മീയപുരം (പി.ഒ)
   കാർത്തികപ്പള്ളി
   ആലപ്പുഴ (ജില്ല)
   പിൻ -690514
2. കമാണ്ടിംഗ് ഓഫീസർ
   1 കേരള ഗേൾസ് ഇൻഡിപെൻഡ് കമ്പനി എൻ.സി.സി
   ചേർത്തല
3. ജില്ലാ എംപ്ലായ്മെന്റ് എക്സ്ചേഞ്ച്
   ആലപ്പുഴ
4. എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്
   എറണാകുളം
5. ഇന്റേർണൽ :എ2- II/സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ

SREEJITH.R
PEN384880
Senior Superintendent
NCCDirectorate(K&L)

NCC DIRECTORATE
STATE WING
Thiruvananthapuram -10
KERALA & LAKSHADWEEP

**